## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 489** **30-01-2024 - ൽ മറുപടിയ്ക്ക്**

### സ്വർണ്ണ കച്ചവടത്തിലെ നികുതി വെട്ടിപ്പ് തടയുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലായതിന് ശേഷം വിമാനത്താവളങ്ങൾ, സീ പോർട്ടുകൾ, റെയിൽവേ, റോഡ് എന്നീ മാർഗ്ഗങ്ങളിലൂടെയുള്ള സ്വർണ്ണ കള്ളക്കടത്ത് വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് വർഷം ഏറ്റവും അധികം കള്ളക്കടത്ത് സ്വർണ്ണം പിടികൂടിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം മുൻപന്തിയിലാണെന്ന് 2023 ഡിസംബർ 12 ന് കേന്ദ്ര ധന മന്ത്രാലയം രാജ്യസഭയിൽ നൽകിയ മറുപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ജി എസ് ടി നടപ്പിലാക്കിയതിന് ശേഷം വിമാനത്താവളങ്ങൾ, സീ പോർട്ടുകൾ, റെയിൽവേ, റോഡ് എന്നീ മാർഗ്ഗങ്ങളിലൂടെയുള്ള സ്വർണ്ണ കള്ളക്കടത്ത് നടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ പോലീസ് വളരെ ഗൗരവമായി കണ്ടുകൊണ്ട് പരിശോധനാ സംവിധാനങ്ങൾ ശക്തമാക്കിയിരിക്കുന്നതിനാൽ വിമാനത്താവളങ്ങളിൽ നിന്ന് സുരക്ഷാ പരിശോധനകളെ മറികടന്ന് പുറത്തു വരുന്ന വ്യക്തികളിൽ നിന്നുപോലും കേരള പോലീസ് സ്വർണ്ണം പിടികൂടിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പോലീസ് മികവുറ്റ രീതിയിൽ പരിശോധനകളും മറ്റും നടത്തുന്നതിനാലാണ് ഇത്തരം കൂടുതൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുവാൻ കാരണമാകുന്നത്. |

| | | | |
|---|---|---|---|
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം സ്വർണ്ണ കച്ചവടത്തിൽ നിന്നുള്ള നികുതി കുറഞ്ഞ് വരുന്നത് പരിശോധിച്ചിട്ടുണ്ടോ; ഈ മേഖലയിൽ നിന്നുള്ള നികുതി ശോഷണം തടയുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം സ്വർണ്ണ കച്ചവടത്തിൽ നിന്നുള്ള നികുതി കുറഞ്ഞ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിന് 5 ശതമാനം ആയിരുന്നു നികുതി നിരക്ക്. ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വന്നപ്പോൾ<br>സ്വർണ്ണത്തിന് നികുതി നിരക്ക് 3 ശതമാനം ആയിട്ടാണ് നിർണ്ണയിച്ചത്. പ്രസ്തുത നികുതിയിൽ നിന്നും 1.5% മാത്രമാണ് സംസ്ഥാനത്തിന് അവകാശപ്പെട്ടത്. |
| (സി) | 2020- ൽ സംസ്ഥാനത്തെ പ്രധാന സ്വർണ്ണക്കടകളിൽ ഒരേ ദിവസം പരിശോധന നടത്തി അവിടെ നിന്നും ശേഖരിച്ച ഡേറ്റ സി-ഡാക്ക് നെ വിശകലനം ചെയ്യുവാൻ ഏൽപ്പിച്ചതിൻ പ്രകാരം സി-ഡാക്കിൽ നിന്ന് റിപ്പോർട്ട് ലഭിച്ചോ; എങ്കിൽ ആ ഡേറ്റ ഉപയോഗിച്ച് കണ്ടെത്തിയ അധിക നികുതി വരുമാനം എത്രയെന്ന് അറിയിക്കാമോ; | (സി) | 2020-ൽ സംസ്ഥാനത്തെ സ്വർണ്ണക്കടകളിൽ നടത്തിയ പരിശോധനയിൽ ശേഖരിച്ച ഡാറ്റ വിശകലനം ചെയ്യുവാൻ സി-ഡാക്കിനെ ഏൽപ്പിച്ചിട്ടില്ല. |
| (ഡി) | സ്വർണ്ണ കച്ചവടത്തിലെ നികുതി വെട്ടിപ്പ് തടയുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | സ്വർണ്ണ വ്യാപാര മേഖലയിലെ നികുതിശോഷണം തടയുന്നതിന് ആവശ്യമായ ഇന്റലിജൻസ് വികസിപ്പിച്ച് സെർച്ച് നടത്തി നികുതി വെട്ടിപ്പ് തടയുന്നുണ്ട്. ഇതിനായി നിതാന്ത വാഹന പരിശോധന, ജ്വലറികൾ, ഹോൾമാർക്കിങ് സ്ഥാപനങ്ങൾ, സ്വർണ്ണാഭരണ നിർമ്മാണ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ മുതലായവയ്ക്ക് സമീപമുള്ള രഹസ്യ നിരീക്ഷണം ഊർജ്ജിതമാക്കി, വകുപ്പിലെ ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ നടപടി എടുത്തുവരുന്നു. ഇതു കൂടാതെ കേരളത്തിനകത്തുള്ള സ്വർണ്ണത്തിന്റെ ചരക്ക് നീക്കത്തിന് ഇ-വേ ബിൽ നിർബന്ധമാക്കാനുള്ള നടപടികൾ കേരളത്തിന്റെ നേതൃത്വത്തിൽ ജി.എസ്.ടി. കൗൺസിൽ എടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇ-വേ ബിൽ കേരളത്തിനകത്ത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ